(ബി) ഇതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയോ; എങ്കിൽ തുക എത്ര;

(സി) അതിന് അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ നല്കിയിട്ടുണ്ടോ;

(ഡി) ഇതിന്റെ പണി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) പുതുക്കിയ നിരക്കനുസരിച്ച് 13,65,000 രൂപയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(സി) പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നല്കാനുണ്ട്.

(ഡി) പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റിന് ഭരണാനുമതി നല്കേണ്ടതുണ്ട്. ഇതിലേയ്ക്കുള്ള എസ്റ്റിമേറ്റ് സൂക്ഷ്മപരിശോധന പൂർത്തിയായി ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കുന്ന മുറയ്ക്ക് ടെണ്ടർ ക്ഷണിച്ച് പണികൾ ആരംഭിക്കുന്നതാണ്.

ജലസേചനവകുപ്പിലെ മണ്ഡലം ഉപദേശകസമിതിയുടെ പ്രവർത്തനം സംബന്ധിച്ച്

44 (207) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ രൂപീകരിച്ച എം.എൽ.എ. ചെയർമാനായുള്ള ജലസേചന വകുപ്പിലെ മണ്ഡലം ഉപദേശകസമിതി വിളിച്ചു കൂട്ടാൻ വകുപ്പിലെ ഉദ്യോഗസ്ഥൻമാർക്ക് താല്പര്യമില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സമിതി വിളിച്ചു കൂട്ടേണ്ടത് ഉദ്യോഗസ്ഥൻമാരുടെ കൂടി ആവശ്യമാണ് എന്ന ധാരണയുണ്ടാക്കാൻ നടപടി സ്വീകരിക്കുമോ;

ഉത്തരം

(എ) & (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതിന് നിയോഗിച്ചിരിക്കുന്ന ഉദ്യോഗസ്ഥൻമാർ ബന്ധപ്പെട്ട എം.എൽ.എ മാരുമായി കൂടിയാലോചിച്ച് സമിതി വിളിച്ചു കൂട്ടാറുണ്ട്. ഇക്കാര്യത്തിൽ വീഴ്ച വരുത്തരുതെന്ന് പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ട്.

നെടുമങ്ങാട് പരവൂർ പഞ്ചായത്തിലെ വഞ്ചുവം ഏലാതോട്

45 (208) ശ്രീ. പാലോട് രവി ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ പരവൂർ പഞ്ചായത്തിലെ വഞ്ചുവം ഏലാതോടിന് എന്തു തുകയ്ക്കുള്ള എസ്റ്റിമേറ്റിനാണ് അംഗീകാരം നൽകിയത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന്റെ ഭരണാനുമതിക്കായി ചീഫ് എഞ്ചിനീയർ ശുപാർശ ചെയ്തിട്ടുണ്ടോ ;

(സി) എന്നാണ് ശുപാർശ നല്കിയത് ;

(ഡി) ഈ തോടിന്റെ പ്രയോജനം എത്ര ഹെക്ടർ നിലത്തിനാണ് ഉണ്ടാവുക എന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഇ) ഈ പദ്ധതിയുടെ ഭരണാനുമതിക്കായി സ്ഥലം എം.എൽ.എ യുടെ നിവേദനം എന്നു ലഭിച്ചു ;

(എഫ്) ഈ പദ്ധതിയുടെ ഭരണാനുമതിയും പ്രത്യേകാനുമതിയും ഉടനെ നല്കുവാനും ഈ സാമ്പത്തിക വർഷത്തിൽ തന്നെ പണി ആരംഭിക്കുവാനും അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ,ബി&സി) വഞ്ചുവം ഏലാതോടിന്റെ പുനരുദ്ധാരണ പണിക്കുള്ള 36.5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി ചീഫ് എഞ്ചിനീയർ 23-12-1999-ൽ സർക്കാരിലേയ്ക്ക് ശുപാർശ ചെയ്തിട്ടുണ്ട്.

(ഡി) ഇതിന്റെ പ്രയോജനം 126.33 ഹെക്ടർ നിലത്തിന് ലഭിക്കും.

(ഇ) 28-9-1999-ൽ സർക്കാരിന് ലഭിച്ചു.

(എഫ്) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഈ സാമ്പത്തിക വർഷത്തിൽ തന്നെ പണി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

വെങ്ങോല പഞ്ചായത്തിലെ ആഗ്മെന്റേഷൻ വാട്ടർ സപ്ലൈ സ്കീം

46 (210) ശ്രീ. പി. പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെങ്ങോല പഞ്ചായത്തിലെ ആഗ്മെന്റേഷൻ വാട്ടർ സപ്ലൈ സ്കീമിന്റെ പണി ഏത് ഘട്ടത്തിലാണ് ;

(ബി) ഇനി എന്തെല്ലാം പണികൾ പൂർത്തിയാക്കാനുണ്ട് ;

(സി) ഇത് എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പെരുമ്പാവൂർ രായമംഗലം വെങ്ങോല പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള ഒരു സമഗ്ര ശുദ്ധജല വിതരണ പദ്ധതി 7-1998ൽ കമ്മീഷൻ ചെയ്തിട്ടുള്ളതാണ്. വെങ്ങോല പഞ്ചായത്തിന് മാത്രമായി 38 ലക്ഷം രൂപ ചെലവു പ്രതീക്ഷിക്കുന്ന ഒരു മിനി സ്കീമിന്റെ സാങ്കേതിക വശങ്ങൾ പരിശോധിച്ച് വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly